SJD/2239/2021-G4

I/55696/2022

സാമൂഹ്യനീതി ഡയറക്ടറേറ്റ്,

വികാസ് ഭവൻ,

തിരുവനന്തപുരം

തീയതി: 16-08-2022

Email-swdkerala@gmail.com

Phone-0471-2306040

**വിജ്ഞാപനം**

സംസ്ഥാനത്ത് വയോജനങ്ങൾക്കായുള്ള പകൽ പരിപാലന കേന്ദ്രങ്ങൾ സായംപ്രഭ ഹോം എന്ന പേരിൽ സാമൂഹ്യനീതി വകുപ്പും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും സംയുക്തമായി നടപ്പിലാക്കി വരുന്നു. ഓരോ ജില്ലയിലും 5 വീതം സായംപ്രഭാ ഹോമുകൾ വയോജനങ്ങൾക്കുള്ള സാമൂഹ്യ വിഭവ കേന്ദ്രം ആയി പ്രവർത്തന സജ്ജമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് തീരുമാനിച്ചിരിക്കുന്നു. ഒരു പ്രദേശത്തെ മുഴുവന് വയോജനങ്ങളുടെയും ശാരീരികവും മാനസികവും സാമൂഹികവുമായിട്ടുള്ള പ്രശ്നങ്ങന് സായംപ്രഭ ഭവനങ്ങള് മുഖേന പരിഗണിക്കപ്പെടേണ്ടതിനാല്, പ്രസ്തുത പദ്ധതി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും, പ്രവർത്തനങ്ങൾ ശാസ്ത്രീയമായും, വയോജന സൗഹാർദ്ദപരമായും നടപ്പിലാക്കുന്നതിനും സായംപ്രഭാ ഭവനങ്ങളിലെ കെയർഗീവർമാർക്ക് സാങ്കേതിക നിർദ്ദേശങ്ങൾ നൽകുന്നത് ഉചിതമായിരിക്കുമെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. ഇതിലേയ്ക്ക് പരിചയ സമ്പത്തുള്ള ഒരു സ്ഥാപനത്തെ/സന്നദ്ധ സംഘടനയെ നിയോഗിക്കാനും വകുപ്പ് തീരുമാനിച്ചിട്ടുണ്ട്.

വയോജനങ്ങള്ക്ക് ക്രിയാത്മകമായി സമയം ചിലവഴിക്കുന്നതിനായി വിവിധ മാനസികോല്ലാസ പ്രവർത്തനങ്ങൾ, ക്ലാസ്സുകള്, പരിശീലനങ്ങൾ, വയോജന സംഘങ്ങളുടെ രൂപീകരണം, വിവിധ ഓണ്ലൈൻ, ഓഫ്ലൈൻ പരിപാടികളുടെ ആവിഷ്കരണം, യോഗ പരിശീലനം തുടങ്ങിയവ നടപ്പിലാക്കുന്നതിനായി കെയര് ഗീവർമാർക്ക് പരിശീലനം നൽകേണ്ടതുണ്ട്. കൂടാതെ മേൽ പ്രവർത്തനങ്ങൾക്ക് ആവശ്യമായ റിസോഴ്സ് മെറ്റീരിയൽസ് തയ്യാറാക്കുക, പദ്ധതി പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുന്നതിന് ജില്ലാ സാമൂഹ്യ നീതി ഓഫീസർമാർക്ക് ആവശ്യമായ പിന്തുണ നൽകുക എന്നതും സാങ്കേതിക പിന്തുണയുടെ ഭാഗമായി നടപ്പിലാക്കേണ്ടതുണ്ട്.

ഇതിലേയ്ക്കായി പരിചയ സമ്പത്തുള്ള സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ തുടങ്ങിയവരിൽ നിന്നും താത്പര്യപത്രം ക്ഷണിക്കുന്നു. വിശദമായ മാർഗരേഖ വകുപ്പിന്റെ വെബ് സൈറ്റായ

PDF processed with CutePDF evaluation edition www.CutePDF.com

SJD/2239/2021-G4

I/55696/2022

www.sjd.kerala.gov.in ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

താൽപര്യമുള്ള സ്ഥാപനങ്ങൾ, സംഘടനകൾ നിർദ്ദിഷ്ട മാതൃകയിൽ തയ്യാറാക്കിയ പ്രോപോസലും അനുബന്ധ രേഖകളും 22/10/2022 തീയതി വൈകിട്ട് 5 മണിക്ക് മുൻപായി സാമൂഹ്യ നീതി വകുപ്പ് ഡയറക്ടറുടെ കാര്യാലയം.വികാസ്ഭവൻ 5-ആം നില, തിരുവനന്തപുരം എന്ന വിലാസത്തിൽ ലഭ്യമാക്കേണ്ടതാണ്. കവറിനു പുറത്ത് '**സായംപ്രഭ പദ്ധതി ടെക്നിക്കൽ സപ്പോർട്ട് പ്രൊജക്ട് 2022"** എന്ന് **രേഖപ്പെടുത്തേണ്ടതാണ്. ഇതു സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് വകുപ്പിന്റെ വെബ് സൈറ്റായ** www.sjd.kerala.gov.in **സന്ദർശിക്കാവുന്നതാണ്.**

M. ANJANA IAS

**സാമൂഹ്യനീതി ഡയറക്ടർ**

അംഗീകാരത്തോടെ,

പവിത്രൻ തൈക്കണ്ടി
PEN Number: 212444
അസിസ്റ്റന്റ് ഡയറക്ടർ
സാമൂഹ്യനീതി ഡയറക്ടറേറ്റ്
തിരുവനന്തപുരം 695033

**സാമൂഹ്യനീതി വകുപ്പ് മുഖേന പ്രവർത്തിയ്ക്കുന്ന സായംപ്രഭ ഭവനങ്ങൾക്ക് സാങ്കേതികപിന്തുണ ലഭ്യമാക്കുന്നതിനുള്ള പദ്ധതി സംബന്ധമായി ക്ഷണിച്ചിട്ടുള്ള താല്പര്യപത്രത്തിന്റെ വിശദാംശങ്ങൾ**

സംസ്ഥാനത്തെ ഭിന്നശേഷിക്കാർ, മുതിർന്നപൗരന്മാർ, പ്രൊബേഷണർമാർ, ട്രാൻസ്ജെൻഡർമാർ എന്നീ വിഭാഗക്കാരുടെ ശാക്തീകരണത്തിനായി വിവിധപദ്ധതികൾ നടപ്പാക്കുന്നതിനുള്ള നോഡൽ ഏജൻസിയാണ് സാമൂഹ്യനീതി വകുപ്പ്. മുതിർന്നപൌരന്മാരുമായി ബന്ധപ്പെട്ട് വകുപ്പ് നടപ്പിലാക്കുന്ന പ്രധാനപദ്ധതികളിലൊന്നാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്നുനടത്തുന്ന 'സായംപ്രഭ ഭവന പദ്ധതി' (പദ്ധതിയുടെ വിശദാംശങ്ങൾ Annexure 4 ൽ ഉൾപ്പെടുത്തിയിരിക്കുന്നു).

ഗ്രാമപഞ്ചായത്തുപ്രദേശത്തെ മുഴുവൻ വയോജനങ്ങൾക്കും (സായംപ്രഭ ഭവനങ്ങളിൽ എത്താൻസാധിക്കുന്നവരും, പലകാരണങ്ങളാൽ എത്താൻ സാധിക്കാത്തവരും) ആവശ്യമായസേവനങ്ങൾ ലഭ്യമാക്കാൻകഴിയുന്ന വിഭവകേന്ദ്രം എന്നനിലയിൽ സായംപ്രഭ പകൽ വീടുകളെ ശക്തീകരിക്കുന്നതിന് സാങ്കേതികപിന്തുണനൽകുക എന്നതാണ് നടപ്പുവർഷത്തെ പദ്ധതി വിഭാവനം ചെയ്യുന്നത്.

**പ്രവർത്തന സാധ്യതകൾ**

സായംപ്രഭ ഭവനങ്ങളെ വയോജനങ്ങൾക്കുള്ള സേവനങ്ങൾ നല്കാൻ കഴിയുന്ന വിഭവകേന്ദ്രംആക്കുന്നതിനു സാങ്കേതികപിന്തുണ (Technical Support) വളരെ പ്രധാനപ്പെട്ട ഘടകമാണ്. പകൽ വീടുകളിലൂടെ ലഭ്യമാകേണ്ട സേവനങ്ങളെ ശാസ്ത്രീയമായി ക്രമീകരിക്കുന്നതോടൊപ്പം പ്രസ്തുതസേവനങ്ങൾ കെയർഗീവർമാരിലൂടെ ഫലപ്രദമായി അർഹരായ ഗുണഭോക്താക്കളിലേക്ക് എത്തിക്കുന്നതിനും സാങ്കേതികപിന്തുണ അനിവാര്യമാണ്. ഈസാഹചര്യത്തിൽ വയോജനമേഖലയിൽ സാങ്കേതികമികവുള്ള ഒരു സ്ഥാപനത്തിന്റെ സഹകരണത്തോടെ നിർദിഷ്ടപ്രവർത്തനങ്ങൾ നടത്തുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. സാങ്കേതികപിന്തുണയുടെ ഭാഗമായി, തിരഞ്ഞെടുക്കപ്പെടുന്ന ഏജൻസി കെയർ ഗിവർമാരിലൂടെ നടപ്പിലാക്കേണ്ടതും നേരിട്ട് നടത്തേണ്ടതുമായ പ്രവർത്തനങ്ങൾ ചുവടെചേർക്കുന്നു:

- വയോജനങ്ങൾക്കായുള്ള വിവിധ മാനസികോല്ലാസ പ്രവർത്തനങ്ങൾ

ആസൂത്രണംചെയ്ത് നടപ്പിലാക്കുക

- മുതിർന്ന പൌരൻമാർക്ക് ആവശ്യമായ വിഷയങ്ങളിൽ ക്ലാസ്സുകൾ, പരിശീലന പരിപാടികൾ എന്നിവ (വിവിധ ഓൺലൈൻ, ഓഫ്‌ലൈൻ മാധ്യമങ്ങളിലൂടെ) നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുക
- വയോജനസംഘങ്ങളുടെ രൂപീകരണവും ഏകോപനം
- ആരോഗ്യ പരിശോധന, യോഗ, മെമ്മറി ക്ലിനിക് തുടങ്ങിയ വിവിധ സേവനങ്ങൾ ഏകോപിപ്പിക്കുക
- വയോജന മേഖലയിൽ പ്രവർത്തിക്കുന്ന മറ്റു വകുപ്പുകളുടെയും, സംഘടനകളുടെയും സേവനങ്ങൾ സായംപ്രഭ ഹോമുകളിൽ ലഭ്യമാക്കുന്നതിനു ആവശ്യമായ നടപടികൾ സ്വീകരിക്കുക
- സായംപ്രഭ പദ്ധതിയിൽ നിയോഗിച്ചിട്ടുള്ള കെയർ ഗിവർമാർ, പദ്ധതിയുടെ നിർവഹണ ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ എന്നിവർക്കുള്ള പരിശീലന പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുക
- പ്രവർത്തനങ്ങൾക്ക് ആവശ്യമായ റിസോഴ്സ് മെറ്റീരിയൽസ് തയ്യാറാക്കുക
- പദ്ധതി പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുന്നതിന് ജില്ലാ സാമൂഹ്യ നീതി ഓഫീസിർമാർക്ക് ആവശ്യമായ പിന്തുണനൽകുക
- പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത്തിനുള്ള മാർഗരേഖ തയ്യാറാക്കുന്നതിന് ആവശ്യമായപിന്തുണ വകുപ്പിന് നൽകുക
- ഗുരുതരരോഗങ്ങൾ ബാധിച്ചവരും കിടപ്പുരോഗികളുമായ വയോജനങ്ങളുടെ കുടുംബാംഗങ്ങൾക്ക് ആവശ്യമായ മാനസികപിന്തുണ, അവബോധ രൂപീകരണ പരിപാടികൾ എന്നിവ നടത്തുക
- കെയർ ഗിവർമാർ നടത്തേണ്ട സാമൂഹ്യ ഇടപെടലുകൾക്ക് ആവശ്യമായ മാർഗനിർദേശങ്ങൾ നൽകുക
- സായംപ്രഭ കെയർഗിവർമാർക്കായി 'കൈപുസ്തകം' തയ്യാറാക്കുക
- സായംപ്രഭ ഭവനങ്ങൾ സ്ഥിതിചെയ്യുന്ന പഞ്ചായത്തുകളിലെ മുതിർന്ന പൌരന്മാരുടെ വിവരശേഖരണം നടത്തുന്നതിനായി കെയർഗിവർമാർക്ക് സാങ്കേതികപിന്തുണ നൽകുക.
- സായംപ്രഭ പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി വകുപ്പ് നിർദേശിക്കുന്ന മറ്റു പ്രവർത്തനങ്ങൾ നടത്തുക

**മറ്റ് നിബന്ധനകളും വ്യവസ്ഥകളും**

- അപേക്ഷ സമർപ്പിക്കാൻ താൽപ്പര്യപ്പെടുന്ന സ്ഥാപനങ്ങൾ പ്രൊജക്റ്റ് പ്രൊപ്പോസലും സാമ്പത്തിക ബിഡ്ഡും(Financial Bid) പ്രത്യേകം പ്രത്യേകം സീൽചെയ്ത കവറുകളിൽ ലഭ്യമാക്കേണ്ടതാണ്.
- അർഹരായസ്ഥാപനത്തെ തിരഞ്ഞെടുക്കുന്നതിനായി **'Technical Evaluation'** ഉണ്ടായിരിക്കുന്നതാണ് (100 marks)
- **'Technical Evaluation'** നായി വകുപ്പിന്റെ Technical കമ്മിറ്റി മുൻപാകെ പദ്ധതി പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട 'Strategy Presentation' നടത്തേണ്ടതാണ്
- പദ്ധതി പിന്തുണയ്ക്കായി തിരഞ്ഞെടുക്കപ്പെടുന്ന സ്ഥാപനം ഉയർന്ന തലത്തിലുള്ള പ്രൊഫഷണൽ നൈതികത നിലനിർത്തേണ്ടതും വകുപ്പിന്റെ താൽപ്പര്യത്തിന് ഹാനികരമാകാത്തരീതിയിൽ പ്രവർത്തിക്കേണ്ടതുമാണ്
- പദ്ധതി പ്രവർത്തനങ്ങൾ വകുപ്പുമായി ചർച്ചചെയ്ത് അംഗീകാരം വാങ്ങി നടപ്പിലാക്കേണ്ടതാണ്
- പദ്ധതി പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ശേഖരിക്കുന്ന വിവരങ്ങൾ വകുപ്പിന്റെ അനുമതിഇല്ലാതെ മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കാൻ പാടില്ല
- മേൽപ്പറഞ്ഞവയുടെ ലംഘനമുണ്ടായതായി കണ്ടെത്തിയാൽ, പദ്ധതി പ്രവർത്തനങ്ങളിൽനിന്നും, മറ്റൊരു അറിയിപ്പുംകൂടാതെ, സ്ഥാപനത്തെ നീക്കംചെയ്യുന്നതും ഉചിതമായ മറ്റ നടപടികൾ സ്വീകരിക്കുന്നതുമാണ്.
- തിരഞ്ഞെടുക്കപ്പെടുന്ന സ്ഥാപനം പൊതുഅവധി ദിവസങ്ങളിലും അടിയന്തരസാഹചര്യങ്ങളിലും വകുപ്പിന്റെ നിർദ്ദേശങ്ങൾ ലഭ്യമാകുന്നതിനനുസരിച്ച് അവ പാലിക്കേണ്ടതാണ്.
- തിരഞ്ഞെടുക്കപ്പെടുന്ന സ്ഥാപനം, ഈപദ്ധതിയുടെ ഏകോപനത്തിനായി അനുയോജ്യനായ/യായ ഒരു പ്രൊജക്റ്റ് സ്റ്റാഫിന്റെ സേവനം തുടർച്ചയായി സാമൂഹ്യനീതി ഡയറക്ടറേറ്റിൽ ലഭ്യമാക്കേണ്ടതാണ്.

**സാങ്കേതിക മൂല്യനിർണ്ണയ മാനദണ്ഡങ്ങൾ**

- പ്രോപ്പോസലിന്റെ സാങ്കേതികവശങ്ങൾ സംബന്ധിച്ച അവതരണം അനുബന്ധം 2 പ്രകാരം വിലയിരുത്തി മാർക്ക് നൽകുന്നതാണ് (സാങ്കേതിക പ്രോപോസലിന്റെ പരമാവധി മാർക്ക് -100)

- പ്രോപ്പോസലിന്റെ സാങ്കേതികത്വം വിലയിരുത്തുന്നതിന് വകുപ്പിന്റെ സാങ്കേതിക മൂല്യനിർണ്ണയസമിതി (Technical Evaluation Committee) പ്രൊപ്പോസൽ പരിശോധിക്കുകയും അനുബന്ധം 2-ൽ നൽകിയ മാനദണ്ഡങ്ങളെ അടിസ്ഥാനമാക്കി മാർക്ക് നൽകുകയുംചെയ്യും. ഇത്തരത്തിൽലഭ്യമാകുന്ന സാങ്കേതിക മാർക്കുകളെ Technical Scores (St) എന്ന് വിളിക്കും. സാങ്കേതിക പരിശോധനയിൽ **60** അല്ലെങ്കിൽ അതിൽകൂടുതൽ മാർക്കുനേടിയ സ്ഥാപനങ്ങളുടെ സാമ്പത്തിക bid മാത്രമേ തുടർമൂല്യനിർണ്ണയത്തിന് പരിഗണിക്കുകയുള്ളൂ
- പ്രോപ്പോസലിന്റെ സാങ്കേതികത്വ പരിശോധന പ്രോപ്പോസലിനെ പിന്തുണക്കുന്നതിനായി ഉള്ളടക്കംചെയ്ത രേഖകളെയും, പ്രൊജക്റ്റ് പ്രൊപോസൽ അവതരണത്തെയും അടിസ്ഥാനമാക്കിയുള്ളതായിരിക്കും. യോഗ്യതാമാനദണ്ഡങ്ങൾ പാലിക്കുന്നതിനാവശ്യമായ എല്ലാരേഖകളും നൽകേണ്ടത് സ്ഥാപനങ്ങളുടെ ഉത്തരവാദിത്തമാണ്. വകുപ്പ് ആവശ്യപ്പെടുന്നവിവരങ്ങൾ അപേക്ഷകൻ നൽകിയിട്ടില്ലെങ്കിൽ, ലഭ്യമായവിവരങ്ങളെ അടിസ്ഥാനമാക്കി മൂല്യനിർണ്ണയവുമായി മുന്നോട്ട് പോകാനുള്ള അവകാശം വകുപ്പിൽനിക്ഷിപ്തമാണ്. കൂടുതൽവിവരങ്ങൾ ആവശ്യപ്പെടാനുള്ള അവകാശം വകുപ്പുമേധാവിയുടെ വിവേചനാധികാര പ്രകാരം വിനിയോഗിക്കുന്നതായിരിക്കും.

**സാമ്പത്തിക ബിഡ്**

60 മാർക്കോ അതിലധികമോ Technical Score (St) നേടിയ സ്ഥാപനങ്ങളെ സാമ്പത്തിക ബിഡ് തുറക്കുന്നതിയതി യഥാസമയം അറിയിക്കുന്നതാണ്. സാമ്പത്തിക ബിഡ്ഡുകൾ ചുവടെപറയുന്ന രീതിയിൽ പരിശോധിക്കുന്നതായിരിക്കും:

ഏറ്റവും കുറഞ്ഞ financial bid-നു 100 പോയിന്റ് Financial Score (Sf) നൽകുന്നതും മറ്റ് സാമ്പത്തികസ്ഥാപനങ്ങളുടെ Financial bid പരിശോധിച്ച് താഴെപ്പറയുന്ന ഫോർമുല ഉപയോഗിച്ച് Financial Score (Sf) നിശ്ചയിക്കുന്നതുമാണ്

$$Sf=100xFm/F;$$

ഇതിൽ Sf എന്നത് Financial Score, Fm എന്നത് ഏറ്റവും കുറഞ്ഞ financial bid ഉം , F എന്നത് പരിഗണനയിലുള്ള financial bid ഉം ആയിരിക്കും

**സാങ്കേതിക ബിഡിന്റെയും സാമ്പത്തിക ബിഡിന്റെയും സംയോജിത മാർക്ക് നിർണ്ണയം**

തിരഞ്ഞെടുപ്പിന്റെ അന്തിമഘട്ടത്തിൽ സ്ഥാപനങ്ങളെ അവയുടെ Technical Scores (St), Financial Scores (Sf) എന്നിവയ്ക്ക് അനുസൃതമായി റാങ്ക് ചെയ്യുന്നതായിരിക്കും.

കെയർഗീവർമാർക്ക് നൽകേണ്ട സാങ്കേതിക പിന്തുണകളിൽ ശാസ്ത്രീയതയും വിഷയത്തിന്മേലുള്ള പരിജ്ഞാനവും മികവുറ്റ പ്രവർത്തന മാതൃകകളും ആവശ്യമായതിനാൽ, Technical Score(St) ന് 80% വെയ്റ്റേജും Financial Score(Sf) ന് 20% വെയിറ്റേജും നൽകുന്നതായിരിക്കും. സ്ഥാപനത്തിന്റെ സംയോജിതമാർക്ക് ചുവടെ കൊടുത്തിരിക്കുന്ന ഫോർമുല ഉപയോഗിച്ച് പരിഗണിക്കുന്നതുമാണ്.

$$S = St \times Tw + Sf \times Fw;$$

S എന്നത് സംയോജിത മാർക്കും Tw, Fw എന്നിവ യഥാക്രമം Technical Score, Financial Score എന്നിവയ്ക്ക് നൽകുന്ന വെയ്റ്റേജുകളുമാണ് .

**തിരഞ്ഞെടുപ്പ് രീതി**

സായംപ്രഭാ ഭവനങ്ങളിൽ നിയമിതരായ കെയർഗീവർമാർക്ക് സാങ്കേതിക പിന്തുണ നൽകുന്നതിനായി മുകളിൽപറഞ്ഞ QCBS സംവിധാനത്തെ അടിസ്ഥാനമാക്കി ഏറ്റവുംഉയർന്ന സംയോജിതമാർക്ക് (S) ഉള്ള സ്ഥാപനത്തെ തിരഞ്ഞെടുക്കുന്നതായിരിക്കും. രണ്ടോ അതിലധികമോ സ്ഥാപനങ്ങൾ ഒരേ സംയോജിതമാർക്ക് (S) നേടുന്നസാഹചര്യത്തിൽ, കൂടുതൽ Technical Score നേടിയ സ്ഥാപനത്തെയായിരിക്കും തിരഞ്ഞെടുക്കുക.

**താൽപ്പര്യ പത്രം സമർപ്പിക്കേണ്ട വിധം**

കെയർഗീവർമാർക്ക് സാങ്കേതിക പിന്തുണകൾ നൽകുന്നതിനായി സ്ഥാപനങ്ങൾക്ക് ചുവടെപറയുന്നരീതിയിൽ അപേക്ഷകൾ സമർപ്പിക്കാവുന്നതാണ്.

**പകർപ്പുകളുടെ എണ്ണവും സമർപ്പിക്കേണ്ട വിധവും**

സ്ഥാപനങ്ങൾ സമർപ്പിക്കേണ്ട രേഖകളുടെ വിവരങ്ങൾ ചെക്ക്ലിസ്റ്റിൽ ചുവടെ വിവരിച്ചിരിക്കുന്നു. ആവശ്യപ്പെടുന്ന രേഖകളുടെ ഓരോ അസ്സലും ഓരോ പകർപ്പും താൽപ്പര്യപത്രത്തോടൊപ്പം സീൽചെയ്ത ഒരു കവറിൽ സാമൂഹ്യനീതി ഡയറക്ടർക്ക് നേരിട്ട് ലഭ്യമാക്കേണ്ടതാണ്.

**ചെക്ക് ലിസ്റ്റ്**

അപേക്ഷനൽകുന്ന സ്ഥാപനങ്ങൾ ചുവടെ കൊടുത്തിരിക്കുന്ന രേഖകൾ താൽപ്പര്യപത്രത്തിൽ ഉൾപ്പെടുത്തേണ്ടതായുണ്ട്. ആയത് വ്യക്തമായി തിരിച്ചറിയാവുന്നതുമായിരിക്കണം.

- **ഭാഗം 1-** അപേക്ഷ സമർപ്പിക്കുന്ന സ്ഥാപനത്തെ സംബന്ധിച്ച അടിസ്ഥാന വിവരങ്ങളുടെ രൂപരേഖ (**Annexure 1-**ലെ മാതൃകയിൽ)
- **ഭാഗം 2- Annexure 2-** ലെ സാങ്കേതിക മൂല്യനിർണ്ണയ മാനദണ്ഡങ്ങളിൽ ക്രമ നമ്പർ 1

മുതൽ 3 വരെയുള്ള ഇനങ്ങൾ സാധൂകരിക്കുന്നതിനുള്ള സഹായ രേഖകളും Annexure 4 പ്രകാരം പ്രകാരമുള്ള പ്രൊജക്റ്റ് ആക്ഷൻ പ്ലാനും power point presentation-നും.

- **ഭാഗം 3-** കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷങ്ങളിൽ സ്ഥാപനം ഓഡിറ്റ് ചെയ്യപ്പെട്ടതിന്റെ രേഖകൾ (2021-22,2020-21,2019-20)

Annexure 2 ൽ ഉൾപ്പെടുത്തിയിട്ടുള്ള സാങ്കേതിക മൂല്യനിർണ്ണയ മാനദണ്ഡങ്ങളുടെ ക്രമനമ്പർ 4-ൽ വിശദമാക്കിയിരിക്കുന്നത് പ്രകാരം സ്ഥാപനത്തെ വിലയിരുത്തുന്നതിനുള്ള എല്ലാഘടകങ്ങളും ഉണ്ടായിരിക്കേണ്ടതാണ്. കൂടാതെ Technical Evaluation Committee മുമ്പാകെ സ്ഥാപനങ്ങൾ പ്രോപ്പോസലുകൾ അവതരിപ്പിക്കേണ്ടതുമാണ്. ഫിനാൻഷ്യൽ ബിഡ് പ്രത്യേക സീൽട്കവറിൽ ലഭ്യമാക്കേണ്ടതാണ് .

മേൽപ്പറഞ്ഞ പ്രകാരം തയ്യാറാക്കിയ താൽപ്പര്യപത്രം '**സായം പ്രഭ പദ്ധതി ടെക്നിക്കൽ സപ്പോർട്ട് പ്രൊജക്റ്റ്** 2022 എന്നെഴുതിയതും സീൽ ചെയ്തതുമായ കവറിൽ സാമൂഹ്യനീതി വകുപ്പ് ഡയറക്ടറേറ്റിൽ എത്തിക്കേണ്ടതാണ്. രജിസ്റ്റർചെയ്ത് തപാൽ/കൊറിയർ മുഖേനയോ അല്ലെങ്കിൽ നേരിട്ടോ താൽപ്പര്യപത്രം സമർപ്പിക്കാവുന്നതുമാണ്. ചുവടെ സൂചിപ്പിക്കുന്ന സമയത്തിനും തീയതിക്കുംശേഷം അപേക്ഷകൾ സമർപ്പിക്കുന്നതിലെ കാലതാമസത്തിന് സാമൂഹ്യനീതി ഡയറക്ടർ ഉത്തരവാദിയായിരിക്കില്ല.

**നിരാകരണം**

താൽപ്പര്യപത്രം സമർപ്പിക്കുമ്പോൾ ആവശ്യമായ എല്ലാ രേഖകളും ഉണ്ടെന്ന് അപേക്ഷിക്കുന്ന ഓരോ സ്ഥാപനവും ഉറപ്പ് വരുത്തേണ്ടതാണ്. ആവശ്യപ്പെട്ട രേഖകൾ അപേക്ഷയോടൊപ്പം ഇല്ലെങ്കിൽ കാരണങ്ങളൊന്നും നൽകാതെ ഏത് ഘട്ടത്തിലും പ്രസ്തുത അപേക്ഷ നിരസിക്കാനുള്ള അവകാശം വകുപ്പിൽ നിക്ഷിപ്തമാണ്.

കൂടാതെ ഈ താൽപ്പര്യപത്രത്തിലെ വ്യവസ്ഥകൾ മാറ്റാനുള്ള അവകാശം വകുപ്പിൽ നിക്ഷിപ്തമാണ്. അത്തരം മാറ്റങ്ങൾ അപേക്ഷിക്കുന്ന എല്ലാ സ്ഥാപനങ്ങളെയും അറിയിക്കുന്നതുമാണ്.

**താൽപ്പര്യപത്രം സമർപ്പിക്കേണ്ട അവസാന തീയതി**

അപേക്ഷ സമർപ്പിക്കുന്ന സ്ഥാപനങ്ങൾ **22/10/2022 ന വൈകുന്നേരം 5 മണിക്ക്** മുൻപായി സാമൂഹ്യനീതി വകുപ്പ് ഡയറക്ടറേറ്റ്, അഞ്ചാം നില, വികാസ്ഭവൻ, തിരുവനന്തപുരം 695011 എന്ന വിലാസത്തിൽ ലഭ്യമാക്കേണ്ടതാണ്.

Annexure 1

Brief Profile

| Sl No | Particulars | Details |
|---|---|---|
| 1 | Name | |
| 2 | Year of Establishment | |
| 3 | Address of Registered Office | |
| 4 | Address of Head Office | |
| 5 | Details of other branches/associates (details of offices in Kerala to be given separately) | |
| 6 | Institution profile (include brief profile of entire staff. Profile of staff to be engaged in the project shall be mentioned separately) | |
| 7 | Legal status of Proposer -(proprietor/partnership/private ltd/public ltd) | |
| 8 | Service Tax Registration (enclose copy) | |
| 9 | PAN no (enclose copy) | |
| 10 | Contact details of CEO/head of the agency (name, address, phone, email, mobile) | |
| 11 | Work Experience (provide details of clients) | |
| 12 | Experience in providing technical support | |
| 13 | Proposed Strategy and action Plan (in detail) | |

**DECLARATION**

Certified that the particulars furnished above are true and correct.

Date Signature of authorized signatory

Annexure 2

Technical Evaluation Criteria

| Sl No | Head | Marks in main criteria | Marks in sub criteria |
|---|---|---|---|
| 1. | **Experience of Bidder or leadership of the firm in Elder Care Projects** | 20 | |
| | • 3 years experience (minimum of which 2 shall be within the period 2018-2021) | | 10 |
| | • Experience for each additional year (2 marks each up to a maximum of 10 marks) | | 2+2+2+2+2 |
| 2. | **Implementation of Government Projects** Experience in implementation of any project under State Government/ Govt Department/ Ministry of Central Government/ Public Sector Unit. | 20 | |
| 3. | **Area of operation** | 10 | |
| | • National | | 5 |
| | • International | | 5 |
| 4. | **Conceptual Design** | 50 | |
| | Understanding of the objectives | | 5 |
| | Methodology to be used and technical feasibility of the Action Plan presented before the technical evaluation committee | | 15 |
| | Use of IT enabled Technologies and innovative methods suggested for attaining ideal coverage of 100% of beneficiaries | | 10 |
| | Knowledge about the target beneficiaries and field level requirements | | 5 |
| | Special strategies in Covid Pandemic or such other contingencies | | 5 |
| | Availability and Quality of the resource materials to be put in use in the project | | 5 |
| | Qualification of the staff to be engaged in the project | | 5 |
| | Total | 100 | |

- Copies of the work order/letter of awards/certificates issued/approved by the client and attested by the authorized signatory should be attached for Sl No. 1,2 and 3
- The Technical Committee will give marks based on the documentary evidence presented by the bidder, wherever required in support of their claim, and t**he presentation made (covering all the points mentioned in Sl no 4 above).**

Annexure 3:

Financial Bid

| Name of the Bidder/ | | | | | | |
|---|---|---|---|---|---|---|
| Sl No | Item Description | Activity proposed/ target group | Unit Cost | Number of Units | Actual cost for the activity | Total rate including GST & other Taxes, as applicable |
| | | a) District level Orientation Workshop for the Caregivers, Implementing officers, Elected representatives & DSJO staff *( Training shall be planned for groups of 25-50. Each Unit shall consisting of Sayamprabha Caregivers, Implementing officers, Ward members* | | | | |

| | | | | | | |
|---|---|---|---|---|---|---|
| 1 | Training of the stake holders | *and Standing Committee Chairpersons of the LSGDs )*<br>*(The organization shall meet the expenses of Honorarium of Resource person, Expenses of Resource Materials/Training manuals, Documentation expenses Hall rent, Food expenses etc)* | | | | |
| | | b) Coordinating district level review meetings of the care givers as per the instructions from the DSJO concerned<br>*(At least 2 meetings in one year)Expenses shall be met by the DSJO concerned* | | | *Expenses shall be met by the DSJO concerned* | *Expenses shall be met by the DSJO concerned* |
| 2 | State Level Workshop | For preparation and vetting of guidelines<br>*(The number of participants will be 50)* | | 1 | | |
| | | Engagement activities for the elderly to be planned online and | | | | |

| | | | | | | |
|---|---|---|---|---|---|---|
| 3 | Awareness activities & engagement activities | offline *(The organization shall prepare the caregivers to conduct at least 2 programs per week in a Sayamprabha Home which may include competitions, creative engagement activities, awareness classes etc. It can be live classes & Video sessions)* | | | | |
| 4 | **Formation of Elder's Club in each Sayamprabha Home** | Help in the formation of at least 1 Elder's Club in each Sayamprabha Home, Monitoring & Evaluating their activities through care givers | | 1 | | |
| 5 | **Resource Materials/ Hand Book** | A resource book for the care givers shall be prepared for giving them information about the different services for the elderly | | 1 | | |
| 6 | | Template development and technical support for data collection of senior citizens in consultation with the Department, technical Hand holding of beneficiary survey | | | | |

| | | | | | | |
|---|---|---|---|---|---|---|
| | Beneficiary survey | in the Panchayat & Consolidation of the data at the panchayat, district & State level | | 1 | | |
| 7 | Online Support Service | Online counselling support service for the Elders, Caregivers etc based on their needs inside and outside the Sayamprabha homes within the Panchayat | | | | |
| 8 | Any Other innovative activities for the Elderly | | | | | |
| 9 | Human Resource Cost | | | | | |
| 10 | Administrative Cost | | | | | |
| 11 | Any other expense | | | | | |

Annexure 4:

**സായംപ്രഭാ പദ്ധതി**

**പശ്ചാത്തലം**

2013 ലെ മുതിർന്ന പൗരന്മാർക്ക് വേണ്ടിയുള്ള സംസ്ഥാന നയത്തിൽ ബ്ലോക്ക് പഞ്ചായത്തിൽ കമ്മ്യൂണിറ്റി കെയർ സെന്ററുകൾ പ്രോത്സാഹിപ്പിക്കുന്നതു സർക്കാർ വിഭാവനം ചെയ്യുന്നുണ്ട്. പകൽ സമയങ്ങളിൽ നേരിടുന്ന ഒറ്റപ്പെടൽ വിരസത, സുരക്ഷയില്ലായ്മ തുടങ്ങിയവ മൂലം മുതിർന്ന പൗരന്മാർക്കുണ്ടാകുന്ന ശാരീരികവും, മാനസികവും , സാമൂഹികവുമായ നിരവധി പ്രശ്നങ്ങൾ മുന്നിൽകണ്ട് ആയതിന് പരിഹാരമായാണ് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ നടത്തുന്ന പകൽ പരിപാലന കേന്ദ്രങ്ങൾക്ക് നിലവിലുള്ള സൗകര്യങ്ങൾക്ക്

പുറമേ കെയർ ഗിവർമാരുടെ സേവനം, പോഷകാഹാരം നൽകൽ, യോഗ മെഡിറ്റേഷൻ, കൗൺസിലിംഗ്, നിയമ സഹായങ്ങൾ, വിനോദോപാധികൾ തുടങ്ങിയ സൗകര്യങ്ങൾ ഏർപ്പെടുത്തി അവയെ സായംപ്രഭാ ഭവനങ്ങളാക്കി നിലവാരമുയർത്തുന്ന പദ്ധതിക്ക് മുൻസർക്കാരിന്റെ കാലയളവിൽ (2017-18) തുടക്കം കുറിച്ചത്.

**ലക്ഷ്യങ്ങൾ**

ഈ പദ്ധതിയിലൂടെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് കീഴിലുള്ള പകൽ വീടുകളെ പ്രദേശത്തെ എല്ലാ വയോജനങ്ങൾക്കും ഉതകുന്ന രീതിയിൽ ശക്തിപ്പെടുത്തുക എന്നതാണ് വകുപ്പ് മുന്നോട്ട് വെയ്ക്കുന്ന പ്രധാന ആശയം. ആയതിലേക്കായി പ്രധാനമായും 8 ലക്ഷ്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

1. സായംപ്രഭ ഭവനങ്ങളെ പ്രദേശത്തെ വയോജനങ്ങളുടെ ആവശ്യാടിസ്ഥാനത്തിലുള്ള സേവന വിതരണ (Service Delivery Point) കേന്ദ്രങ്ങളാക്കി പ്രവർത്തിപ്പിക്കുക
2. പകൽ സമയങ്ങളിൽ സമപ്രായക്കാരുമായി ഇടപെടുന്നതിനും ആരോഗ്യകരമായി ചിലവഴിക്കുന്നതിനുമുള്ള അവസരം വയോജനങ്ങൾക്ക് ഒരുക്കുക
3. വയോജന ക്ഷേമവും സംരക്ഷണവും ഉറപ്പാക്കുന്ന സർക്കാർ-സർക്കാരിതര പദ്ധതികളുടെ വിവരങ്ങൾ അർഹരായ വയോജനങ്ങളിലേയ്ക്കെത്തിക്കുന്ന അന്വേഷണ-വിവര കേന്ദ്രങ്ങളാക്കി (Information Hub) മാറ്റുക.
4. വയോജനങ്ങളുടെ വിവിധ തരത്തിലുള്ള പദ്ധതികളും പ്രവർത്തനങ്ങളും സമൂഹതലത്തിൽ നിർവ്വഹിക്കുന്ന കേന്ദ്രമാക്കി മാറ്റുക.
5. സായംപ്രഭ ഭവനങ്ങളിലൂടെ വയോജനങ്ങളുമായി ബന്ധപ്പെട്ട വിവിധ സേവനങ്ങളെയും പ്രവർത്തനങ്ങളെയും പറ്റിയുള്ള ബോധവത്കരണ പരിപാടികൾ ആസൂത്രണം ചെയ്യുക ആയത് നടപ്പിലാക്കുക.
6. പോഷകാഹാരക്കുറവുള്ള വയോജനങ്ങൾക്ക് സായംപ്രഭ ഭവനങ്ങൾ വഴി പോഷകാഹാരം ഉറപ്പാക്കുക
7. വയോജനങ്ങൾക്ക് നേരിടേണ്ടി വരുന്ന അതിക്രമങ്ങൾക്കും പീഡനങ്ങൾക്കും നിയമപരമായ സഹായങ്ങൾ ലഭ്യമാക്കുക.
8. വയോജനങ്ങൾക്ക് ശാരീരികോല്ലാസത്തിനും മാനസികോല്ലാസത്തിനുമായി യോഗ, കൌൺസിലിംഗ്, മേടിറ്റേഷൻ തുടങ്ങിയവ ലഭ്യമാക്കുക

**പദ്ധതി മാനദണ്ഡങ്ങൾ**

ബന്ധപ്പെട്ട പഞ്ചായത്ത്/ മുനിസിപ്പാലിറ്റി/ കോർപ്പറേഷനിലെ 60 വയസ്സ് കഴിഞ്ഞ മുതിർന്ന പൌരന്മാരെയാണ് ഗുണഭോക്താക്കളായി പരിഗണിക്കുന്നത്. പ്രദേശത്തെ മുഴുവൻ വയോജനങ്ങൾക്കും സായംപ്രഭ ഭവനങ്ങളിലൂടെ സേവനങ്ങൾ നൽകാവുന്നതാണ്. കൂടാതെ സായംപ്രഭ ഭവനങ്ങളിലെത്താൻ കഴിയുന്ന വയോജനങ്ങൾക്ക് പകൽ പരിപാലനം ഉൾപ്പടെ സ്ഥാപനങ്ങളിലൂടെ നടപ്പിലാക്കുന്ന വിവിധ പ്രവർത്തനങ്ങളിൽ ഏർപ്പെടാവുന്നതുമാണ്.

**പദ്ധതി പ്രവർത്തനങ്ങൾ**

പദ്ധതി പ്രകാരം സായംപ്രഭ ഭവനങ്ങളിലൂടെ നടപ്പിലാക്കേണ്ട പ്രവർത്തനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. 60 വയസ്സ് കഴിഞ്ഞവർക്ക് പഞ്ചായത്ത് തലത്തിൽ പകൽ ഒത്തുകൂടുന്നതിന് സൌകര്യമൊരുക്കുക
2. വയോജനങ്ങളുടെ മാനസിക-ശാരീരിക-സാമൂഹിക ഉല്ലാസത്തിനായി വിവിധ തരത്തിലുള്ള പ്രവർത്തനങ്ങൾ, തൊഴിൽ പരിശീലനം , എന്നിവ സായംപ്രഭ ഭവനങ്ങളിൽ ഒരുക്കുക
3. വയോജന പരിപാലന നിയമങ്ങളെയും, മാനസികവും ശാരീരികവും ആരോഗ്യകരവുമായ വിഷയങ്ങളെ സംബന്ധിച്ച് ആഴ്ച്ചയിൽ ഒരു ദിവസമെങ്കിലും നിയമ വിദഗ്ധർ, പോലീസ് ഓഫീസർമാർ, മെഡിക്കൽ ഓഫീസർമാർ, സൈക്കോസോഷ്യൽ കൌൺസിലർമാർ എന്നിവർ മുഖാന്തരം ക്ലാസ്സുകൾ സംഘടിപ്പിക്കുക
4. മാനസിക ശാരീരിക ഉല്ലാസത്തിനായി യോഗ ക്ലാസ്സുകൾ ആഴ്ച്ചയിൽ ഒരു ദിവസമെങ്കിലും സംഘടിപ്പിക്കുക
5. ശാരീരിക പരിരക്ഷക്കാവശ്യമായ മെഡിക്കൽ പരിശോധന കൃത്യമായ കാലയളവുകളിൽ നടപ്പിലാക്കുക
6. പോഷകാഹാരക്കുറവുള്ള വയോജനങ്ങൾക്ക് ജനകീയ അടുക്കളയുടെ സഹായത്തോടെ ഭക്ഷണം ലഭ്യമാക്കുക
7. വയോജന ക്ഷേമവും സംരക്ഷണവും ഉറപ്പാക്കുന്ന സർക്കാർ-സർക്കാരിതര പദ്ധതികളുടെ വിവരങ്ങൾ അർഹരായ വയോജനങ്ങളിലേയ്ക്കെത്തിക്കുക.
8. വയോജനങ്ങളുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും വയോജനങ്ങളിലേക്കെത്തിക്കുക.

**പദ്ധതി നിർവ്വഹണ ഉദ്യോഗസ്ഥൻ**

ജില്ലാതലത്തിൽ ഈ പദ്ധതിയുടെ നടത്തിപ്പ് ചുമതല ജില്ലാ സാമൂഹ്യനീതി

ഓഫീസർമാർക്കും പഞ്ചായത്ത്/മുൻസിപ്പാലിറ്റി/കോർപ്പറേഷനുകളിൽ അതാത് ICDS സൂപ്പർവൈസർമാർക്കും ആയിരിക്കും. ഒന്നിൽ കൂടുതൽ I C D S സൂപ്പർവൈസർമാർ പ്രവർത്തിയെടുക്കുന്ന പഞ്ചായത്തുകളിൽ ശിശുവികസന പദ്ധതി ഓഫീസർമാർ ICDS സൂപ്പർവൈസറെ നിശ്ചയിച്ച് നൽകേണ്ടതാണ്.

**പദ്ധതി നിർവ്വഹണ സമിതി (Management Committee)**

സായംപ്രഭ ഭവനങ്ങളുടെ നടത്തിപ്പിനായി സർക്കാർ ക്ഷേമസ്ഥപനങ്ങളിൽ നിലവിലുള്ള മാനേജ്മെന്റ് കമ്മിറ്റിക്ക് സമാനമായി പഞ്ചായത്തിന്/മുൻസിപ്പാലിറ്റിക്ക്/കോർപ്പറേഷന് യുക്തമെന്ന് കാണുന്ന വ്യക്തികളെ ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു മാനേജ്മെന്റ് കമ്മിറ്റി രൂപീകരിക്കേണ്ടതും സായംപ്രഭ ഭവനങ്ങളുടെ നടത്തിപ്പ് ചുമതല ഈ കമ്മിറ്റിയുടെ മേൽനോട്ടത്തിൽ നടത്തേണ്ടതുമാണ്. പ്രസ്തുത കമ്മിറ്റിയിൽ വയോജന പ്രാതിനിധ്യം ഉറപ്പാക്കേണ്ടതിനാൽ പ്രദേശത്തെ യോഗ്യരായ വയോജന പ്രതിനിധികളെ കൂടി ഉൾപ്പെടുത്തേണ്ടതാണ്.

**പദ്ധതി മേൽനോട്ടം (Monitoring) – പഞ്ചായത്ത് തലം**

പദ്ധതി പ്രവർത്തനങ്ങൾ പഞ്ചായത്ത് തലത്തിൽ കൃത്യമായി നിരീക്ഷിക്കുന്നതിനും വിലയിരുത്തുന്നതിനുമായി ബന്ധപ്പെട്ട പഞ്ചായത്ത് - മുൻസിപ്പാലിറ്റി / കോർപ്പറേഷൻ അദ്ധ്യക്ഷൻ, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ, ബന്ധപ്പെട്ട വാർഡ് മെമ്പർമാർ, അലോപ്പതി ഡോക്ടർ ആയുർവേദ ഡോക്ടർ, ഹോമിയോ ഡോകടർ, CDS ചെയർപേഴ്സൺ, CDPO, സബ് ഇൻസ്പെക്ടർ ഓഫ് പോലീസ്, വില്ലേജ് ഓഫീസർ, പഞ്ചായത്ത് സെക്രട്ടറി എന്നിവർ ഉൾപ്പെട്ട സമിതിയാണ് മുൻവർഷങ്ങളിൽ നിർവ്വഹിച്ചിരുന്നത്. എന്നാൽ ഈ വർഷം മുതൽ വാതിൽപ്പടി സേവനം – പഞ്ചായത്ത്തല കോ-ഓർഡിനേറ്റർ, ജില്ലാ സാമൂഹ്യനീതി ഓഫീസ് പ്രതിനിധി എന്നിവരെയും CDPO മാർക്ക് പകരം ICDS സൂപ്പർവൈസർമാരെയും ഈ സമിതിയിൽ ഉൾപ്പെടുത്തി മേൽനോട്ട പ്രവർത്തനങ്ങൾ നിർവ്വഹിക്കാവുന്നതാണ്.

**പദ്ധതി മേൽനോട്ടം - ജില്ലാതലം**

ജില്ലാതല വയോജന കൗൺസിൽ പദ്ധതി പ്രവർത്തനങ്ങൾ ജില്ലാതലത്തിൽ വിലയിരുത്തുന്നതാണ്.

**കെയർ ഗീവർമാരുടെ നിയമനം**

പഞ്ചായത്ത് ഭരണ സമിതിയുടെ അംഗീകാരത്തോടെ നിർവ്വഹണ ഉദ്യോഗസ്ഥരാണ് പദ്ധതി നടത്തിപ്പിലേയ്ക്കായി കെയർഗിവർമാരെ കരാർ അടിസ്ഥാനത്തിൽ നിയമിക്കേണ്ടത്.

കെയർഗിവർമാരുടെ തിരഞ്ഞെടുപ്പിനാവശ്യമായ പരസ്യം മാധ്യമങ്ങളിൽ നൽകേണ്ടതുമാണ്. കെയർഗിവർമാരുടെ അടിസ്ഥാന യോഗ്യത പ്ലസ് 2 ആയിരിക്കും. ജെറിയാട്രിക് കെയറിൽ കുറഞ്ഞത് 3 മാസത്തെ പരിശീലനം പൂർത്തിയായവർക്കു കെയർ ഗിവേർ നിയമനത്തിൽ മുൻഗണന നൽകാവുന്നതാണ്. ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പ്രസിഡന്റ്, ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ, മെഡിക്കൽ ഓഫീസർ PHC. പഞ്ചായത്ത് സെക്രട്ടറി, (CDS) സൂപ്പർവൈസർ എന്നിവരടങ്ങിയ ഒരു കമ്മിറ്റിയാണ് തിരഞ്ഞെടുപ്പ് നടത്തേണ്ടത്. തിരഞ്ഞെടുക്കപ്പെടുന്നവരുടെ കരാർ 1 2 മാസത്തേക്കായിരിക്കേണ്ടതുമാണ്. കെയർഗിവർമാരുടെ ഹോണറേറിയം ഇനത്തിൽ ഒരു മാസത്തേക്ക് സാമൂഹ്യ നീതി വകുപ്പിൽ നിന്നും പരമാവധി 7000/- രൂപ അനുവദിക്കുന്നതാണ് . മേൽപ്പറഞ്ഞ തുകയ്ക്ക് പുറമേ കെയർഗിവർമാർക്ക് പഞ്ചായത്ത് പ്ലാൻ ഫണ്ടിൽ നിന്നും അധികതുക അനുവദിക്കുന്നത് സംബന്ധിച്ച് അതാത് പഞ്ചായത്തുകൾക്ക് തീരുമാനം കൈക്കൊള്ളാവുന്നതാണ്. തിരഞ്ഞെടുപ്പ് നടപടികൾ പൂർത്തിയായാൽ നിയമിതരാകുന്ന വ്യക്തിയുമായി നിർവ്വഹണ ഉദ്യോഗസ്ഥൻ നിയമന കരാറിൽ ഏർപ്പെടേണ്ടതാണ്.

കൂടാതെ പദ്ധതിയുടെ അടിസ്ഥാന സൗകര്യങ്ങളിൽ ഒന്നായ 'കെട്ടിടം' ലഭ്യമാക്കുന്നതിനായി പ്രവർത്തന രഹിതമായ പഞ്ചായത്ത് കെട്ടിടങ്ങൾ, വാടക വീടുകൾ തുടങ്ങിയവ കണ്ടെത്തുക ആ പ്രദേശത്തെക്കുള്ള വാഹന ലഭ്യത ഉറപ്പാക്കുക, മറ്റു അടിസ്ഥാന സൌകര്യ ലഭ്യത എന്നിവ അതാത് പഞ്ചായത്തുകൾക്ക് നിർവ്വഹിക്കാവുന്നതാണ്.

2022 -23 സാമ്പത്തിക വർഷം മേൽപ്പറഞ്ഞത് പ്രകാരം ഒരു ജില്ലയിൽ 5 വീതം സായം പ്രഭ ഹോമുകൾക്ക് സാമൂഹ്യ നീതി വകുപ്പിലൂടെ സാങ്കേതിക പിന്തുണ നൽകുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്